## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3456** **15/07/2015-ൽ മറുപടിക്ക്**

### സംഭരണ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയ മരുന്നുകൾ

**ചോദ്യം**

ശ്രീ.എ.പ്രദീപ്കുമാർ

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

(എ) 2015-2016 വർഷം ആരോഗ്യവകുപ്പ് മരുന്ന സംഭരണ ലിസ്റ്റിൽ നിന്നും 186 തരം മരുന്നുകൾ ഒഴിവാക്കാനുണ്ടായ സാഹചര്യം വിശദമാക്കുമോ ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന 2011-ന ശേഷമുള്ള സാമ്പത്തിക വർഷങ്ങളിലെ മരുന്ന പട്ടികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | 2012-13 | 2013-14 | 2014-15 | 2015-16 |
|---|---|---|---|---|
| മരുന്ന ഇനം | 518 | 832 | 771 | 585 |

**2014-15** : ഇതിൽ ചില മരുന്നുകൾ വ്യാപകമായി ഉപയോഗിക്കുന്നില്ല. ചില മരുന്നുകളുടെ സ്പെസിഫിക്കേഷനിലുള്ള വ്യത്യാസം, മറ്റു ചില മരുന്നുകൾ പല സ്ട്രെങ്ങ്തിൽ ലഭ്യമാണ് തുടങ്ങിയ കാരണങ്ങളാൽ 2014-15 സാമ്പത്തിക വർഷത്തെ മരുന്ന പട്ടിക പുനപരിശോധിച്ച് കാൻസർ രോഗ ചികിത്സയ്ക്കുള്ള മരുന്നുകൾ ഉൾപ്പെടെ 771 ഇനം മരുന്നുകളാക്കി നിജപ്പെടുത്തി.

**2015-16** : നിലവിലുള്ള 771 ഇനം മരുന്നുകളുടെ പട്ടിക, ദേശീയ മരുന്ന പട്ടികയ്ക്കനുസരിച്ച് (National List of Essential Medicines - NLEM) പുതുക്കി നിർണ്ണയിച്ചു. അതനുസരിച്ച് താഴെപ്പറയുന്ന മാനദണ്ഡങ്ങളനുസരിച്ച് ഓരോ മരുന്നുകളും വിശദമായി വിശകലനം ചെയ്യുകയുണ്ടായി.

1. പ്രസ്തുത ഇനത്തിന്റെ വാർഷിക ഇൻഡന്റ്
2. വിതരണക്കാരെ ലഭ്യമാകാത്തതിന്റെ വിശദാംശങ്ങൾ
3. ദേശീയ അവശ്യമരുന്ന പട്ടികയിലുള്ള (NLEM) പ്രസ്തുത മരുന്നിന്റെ സ്ഥാനം
4. മരുന്ന പട്ടികയിൽ പ്രസ്തുത മരുന്നിന പകരം ഉപയോഗിക്കാൻ സാധിക്കുന്ന മരുന്നിന്റെ ലഭ്യത/ മരുന്നിന്റെ സ്ട്രെങ്ങ്ത് ആദിയായവ.
5. മരുന്നിന് വിതരണക്കാരെ ലഭിക്കാത്തത് അതിന്റെ സ്പെസിഫിക്കേഷൻ സംബന്ധിച്ച തെറ്റുകളാലാണോ തുടങ്ങിയവ.
6. മറ്റു സംസ്ഥാനങ്ങളിൽ നിലവിലുള്ള ജനറിക് മരുന്ന നയം എന്നിവ.

അതനുസരിച്ച് 2015-16 സാമ്പത്തിക വർഷത്തെ മരുന്നും അനുബന്ധ ഉപകരണങ്ങളുടെയും അന്തിമ പട്ടിക 585 ആക്കി പുനർനിർണ്ണയിച്ചു.

(ബി) ഈ മരുന്നുകൾ ഒഴിവാക്കിയതു വഴി സർക്കാരിന് എന്തു നേട്ടമാണ് ഉണ്ടായതെന്ന് വിശദമാക്കുമോ ?

(ബി) സംസ്ഥാനത്തെ മരുന്ന സംഭരണം ദേശീയ അവശ്യമരുന്ന പട്ടികയുടെ (NLEM) അടിസ്ഥാനത്തിൽ ഏകീകരിക്കുക എന്നതാണ് പ്രധാന നേട്ടമായി കരുതുന്നത്. മുൻവർഷത്തെ പട്ടികയിൽ ഉൾപ്പെട്ടിരുന്ന മരുന്നുകളിൽ വ്യാപകമായി ഉപയോഗിക്കാത്തതും ഉപഭോഗം കുറഞ്ഞ മരുന്നുകൾ ഒഴിവാക്കുക, വാർഷിക ബഡ്ജറ്റിന് ആനുപാതികമായി മരുന്ന സംഭരണം ക്രമീകരിക്കുക, തുടങ്ങിയവയും നേട്ടങ്ങളാണ്

സെക്ഷൻ ഓഫീസർ